LIBRARY ARCHIVES Kerala Legislative Assembly

പന്തളത്തെ ഔഷധസസ്യത്തോട്ടത്തിലെ തൊഴിലാളികൾ

97 [2066] ശ്രീ. ഷിബു ബേബിജോൺ:

,, കെ. ബി. ഗണേഷ്കുമാർ:

,, ജോണിനെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ കീഴിലുള്ള പന്തളത്തെ ഔഷധസസ്യത്തോട്ടം നിർത്തലാക്കിയതിനെ തുടർന്ന് 31 സ്ഥിരം തൊഴിലാളികൾ തൊഴിൽരഹിതരായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തൊഴിലാളികളെ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ തിരിക്കെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം ഒരോ എസ്റ്റേറ്റിലേയും സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ ആയ കാഷ്വൽ തൊഴിലാളികൾക്ക് മാത്രമാണ് പുനർനിയമനത്തിന് അർഹതയുള്ളത്. പന്തളം ഹെർബൽ ഗാർഡനിൽ ജോലി ചെയ്തിരുന്നവർ എസ്. എഫ്. സി. കെ.-യിലെ എസ്റ്റേറ്റുകളിലെ കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പുനർനിയമനത്തിന് യോഗ്യതയുള്ളവരല്ല.

മരണപ്പെട്ട ശ്രീ. ബാലന്റെ സർവ്വീസ് ആനുകൂല്യങ്ങൾ

98 [2067] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ജോലിനോക്കിവരവെ ശ്രീ. എം. ബാലൻ മരണപ്പെട്ടത് എന്നാണ്.;

(ബി) ശ്രീ. ബാലന്റെ കുടുംബത്തിന് ലഭിക്കേണ്ടുന്ന സർവ്വീസ് ആനുകൂല്യങ്ങൾ മുഴുവനും നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) കൃഷി ഡയറക്ടർ ഓഫീസിൽനിന്നും നൽകേണ്ടുന്ന ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് എപ്പോഴാണ് നൽകിയത്;

(ഇ) അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും ഗ്രാറ്റുവിറ്റി പാസ്സായി ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(എഫ്) ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 25-8-2002-ൽ.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

(ഡി) 7-7-2004-ൽ.

(ഇ) 1-7-2003-ൽ.

(എഫ്) ബാധകമല്ല.

വാനില കൃഷിക്ക് സഹായം

99 [2068] ശ്രീ. സി. പി. മുഹമ്മദ്:

,, അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

.. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് വാനില കൃഷി ചെയ്യുന്നു;

(ബി) വാനില കൃഷിയിൽ എത്രപേർ ഏർപ്പെട്ടിട്ടുണ്ട്;

(സി) ഇവർക്ക് എന്തെല്ലാം സഹായങ്ങൾ ഗവൺമെന്റിൽനിന്നും നൽകിവരുന്നു;

(ഡി) വാനില കൃഷി ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് മെച്ചപ്പെട്ട ഇനത്തിലുള്ള നടീൽ സാധനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ 1147 ഹെക്ടർ സ്ഥലത്ത് വാനില കൃഷി ചെയ്തിട്ടുണ്ട്.

(ബി) 2003-2004-ൽ ഏകദേശം 2694 കർഷകർ വാനില കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ആന്റ് (ഡി) വാനില തൈകളുടെ അഭാവം കണക്കിലെടുത്ത് 2004-2005 വർഷത്തിൽ സുഗന്ധവിള വികസനം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 28.97 ലക്ഷംരൂപ ചെലവഴിച്ചുകൊണ്ട് 2 ലക്ഷം വാനില തൈകൾ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ ഒരു ലക്ഷം വേരുപിടിപ്പിച്ച വാനില തൈകൾ ഫാമുകളിൽ ഉൽപ്പാദിപ്പിച്ചു 25 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം നടത്തും. കൂടാതെ ഒരുലക്ഷം ടിഷ്യൂകൾച്ചർ വാനില തൈകൾ കഴക്കൂട്ടത്തെ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തും.

LIBRARY ARCHIVES Kerala Legislative Assembly